ഇലക്ട്രിക്കൽ സെക്ഷനാഫീസ്

62(2100) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആരംഭിച്ച ഇലക്ട്രിക്കൽ സെക്ഷനാഫീസുകളുടെ വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ഇല്ലാത്ത ഏതൊക്കെ സ്ഥലങ്ങളിലാണ് ഓവർസിയർ ആഫീസുകൾ നിലവിലുള്ളത്; ഈ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെ; ആഴ്ചയിൽ ഏതൊക്കെ ദിവസങ്ങളിലായാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്;

(സി) വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷനാഫീസിനു കീഴിലുള്ള ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് എന്ന് ഇനം തിരിച്ചു വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ നിലവിൽ ഒഴിവുള്ള തസ്തികകളും ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഇ) ശബരിമല ഉൾപ്പെടെയുള്ള വളരെ വിശാലമായ പ്രദേശത്തിന് ഒരേയൊരു സെക്ഷനാഫീസ് മാത്രമാണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ പഞ്ചായത്തുകളാണ് ഈ സെക്ഷന്റെ പരിധിയിൽ വരുന്നത്;

(എഫ്) ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാട് പരിഗണിച്ച് വടശ്ശേരിക്കര സെക്ഷനാഫീസ് വിഭജിച്ച്, പെരുനാട് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷനാഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു*.

(ബി) നിലവിലുള്ള ഓവർസിയർ ഓഫീസുകളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

ഉപഭോക്താക്കളെ മുൻകൂട്ടി അറിയിച്ചിട്ടുള്ള നിശ്ചിത ദിവസങ്ങളിൽ വൈദ്യുതി ചാർജ്ജ് സ്വീകരിക്കുക, വൈദ്യുതി സംബന്ധമായ പരാതികൾ സ്വീകരിക്കുക, അവ പരിഹരിക്കുക, സർവ്വീസ് കണക്ഷൻ നൽകുക, മറ്റ് മെയിന്റനൻസ് ജോലികൾ ചെയ്യുക തുടങ്ങിയ സേവനങ്ങളാണ് ഓവർസിയർ ഓഫീസിൽ നിന്നും ലഭ്യമാകുന്നത്. പൊതുഅവധി ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ ഓവർസിയർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി)	ഗാർഹികം	15912
	വാണിജ്യം	2399
	കാർഷികം	12
	വ്യാവസായികം	143
	മറ്റുള്ളവ	12
	ആകെ എൽ.റ്റി.	18478
	ആകെ എച്ച്.റ്റി.	9

(ഡി)

തസ്തിക	അനുവദിക്കപ്പെട്ട എണ്ണം	ഒഴിവുകൾ
അസിസ്റ്റന്റ് എഞ്ചിനീയർ	1	-
സീനിയർ സൂപ്രണ്ട്	1	1
സീനിയർ അസിസ്റ്റന്റ്	2	-
കാഷ്യർ	2	-
സബ് എഞ്ചിനീയർ	4	-
ഓവർസിയർ	7	2
മീറ്റർ റീഡർ	5	5

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടശ്ശേരിക്കര, റാന്നി, പെരുനാട്, നാറാണമൂഴി എന്നീ പഞ്ചായത്തുകൾ മുഖ്യമായും മലയാലപ്പുഴ, റാന്നി, പഴവങ്ങാടി, മൈലപ്ര എന്നീ പഞ്ചായത്തുകൾ ഭാഗികമായും വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽവരുന്നു. വടശ്ശേരിക്കര, കക്കാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ വരുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി റാന്നി പെരുനാട് കേന്ദ്രമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ചുവരുന്നു.

GPM. 2/243/2020-20

LIBRARY ARCHIVES Kerala Legislative Assembly